# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3657** — **15/03/2018-ൽ മറുപടിയ്ക്ക്**

## സഹകരണ റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ വാളകം ശാഖയിൽ നിന്നും ശ്രീ. പി.അച്ചൻകുഞ്ഞ് എന്ന വ്യക്തി എടുത്ത വായ്പയിൽ, (നം.03050603612003) സഹകരണ റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ; | (എ) അപേക്ഷ ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ; | (ബി) യും (സി) യും അച്ചൻ കുഞ്ഞിന്റെ വായ്പയിൽ 6 മാസത്തിൽ അധികരിച്ച് (20 മാസത്തിലധികം) കുടിശ്ശിക വരുത്തിയിട്ടുണ്ട്. കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയുടെ നിബന്ധന 4 (ബി) പ്രകാരം വായ്പാ കാലാവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിക്ക് തൊട്ട് മുൻപ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാകാലാവധി കഴിഞ്ഞ് വായ്പാക്കാരൻ മരണപ്പെട്ടാൽ വായ്പാക്കാലാവധി തീരുന്ന തീയതിക്ക് തൊട്ട് മുൻപ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ ആനുകൂല്യത്തിന് അർഹതയില്ല. ആയതിനാൽ റിസ്ക് ഫണ്ട് നിയമാവലിയിൽ ഇളവ് അനുവദിച്ച് ധനസഹായം അനുവദിക്കുന്നതിന് സഹകരണ റിസ്ക് ഫണ്ട് ബോർഡ് ശിപാർശ ചെയ്തിട്ടുണ്ട്. ശിപാർശ 08.03.2018 ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) റിസ്ക്ഫണ്ട് ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | |

സെക്ഷൻ ഓഫീസർ